## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3476** **11.12.2018 ൽ മറുപടിയ്ക്ക്**

# നാളികേര കൃഷിയുടെ വ്യാപനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) ഒരു കാലത്ത് ഏറെ കീർത്തി കേട്ടിരുന്ന കേരളത്തിലെ നാളികേര കൃഷിയുടെ പാരമ്പര്യം തിരിച്ചുപിടിക്കുന്നതിനും നാളികേര കൃഷി വ്യാപിപ്പിക്കുന്നതിനുമായി ഏതെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | എ) ഉണ്ട്. കേരകൃഷിയുടെ വിസ്തൃതി നിലവിലെ 7.81 ലക്ഷം ഹെക്ടറിൽ നിന്നും 9.25 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുക, നാളികേരത്തിന്റെ ഉല്പാദനം, ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക, സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പ് വരുത്തുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 2018 മുതൽ 2028 വരെ നീളുന്ന പത്ത് വർഷത്തെ വികസന കാഴ്ചപ്പാടോടു കൂടി സംസ്ഥാനത്ത് സമഗ്ര നാളികേര വികസനത്തിനായി നാളികേര വികസന കൗൺസിൽ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ നാളികേര വികസനത്തിനായി താഴെ പറയുന്ന പ്രധാന പുതിയ ഇടപെടലുകൾ വിഭാവനം ചെയ്യുന്നുണ്ട്.<br>a) 10 വർഷം കൊണ്ട് കേരളത്തിലെ നാളികേര കൃഷി 1.44 ലക്ഷം ഹെക്ടർ സ്ഥലത്ത് അധികമായി വ്യാപിപ്പിക്കുക.<br>b) തെങ്ങിന്റെ ഉല്പാദന ക്ഷമത ഹെക്ടറിന് 6889 നാളികേരത്തിൽ നിന്നും 8500 നാളികേരമായി ഉയർത്തുക.<br>c) ശാസ്ത്രീയമായ വിത്ത് തേങ്ങ സംഭരണം വിപുലപ്പെടുത്തിയും വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിച്ചും ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ലഭ്യത ആവശ്യാനുസരണം എല്ലാ കർഷകർക്കും ഉറപ്പുവരുത്തുക.<br>d) തെങ്ങിൻ തോട്ടങ്ങളിൽ ഇടവിള കൃഷി പ്രോത്സാഹിപ്പിക്കുക. ബഹുവിള കൃഷി സമ്പ്രദായം നടപ്പിലാക്കുക.<br>e) നാളികേര കൃഷിക്ക് പ്രാമുഖ്യമുള്ള എല്ലാ |

പഞ്ചായത്തുകളിലും തെങ്ങിന്റെ സംയോജിത വികസനത്തിനായി 'കേരഗ്രാമങ്ങൾ' ആരംഭിക്കുക.

f) വിളവെടുപ്പിനും, കീടരോഗ പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുമായി യുവതീയുവാക്കൾക്ക് പരിശീലനം നൽകി കേര കർമ്മസേനകൾ രൂപീകരിക്കുക.

g) നാളികേരാധിഷ്ഠിത മൂല്യവർദ്ധിത സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക.

h) നാളികേര മേഖലയിൽ സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുക.

i) നാളികേര അഗ്രോപാർക്കുകൾ പ്രവർത്തനം ആരംഭിക്കുക.

j) നീര ഉൾപ്പെടെയുള്ള ഗുണമേന്മയുള്ള കേരോല്പന്നങ്ങൾ ദേശീയ/ അന്തർദേശീയ വിപണികളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

| | | | |
|---|---|---|---|
| ബി) | കേരളത്തിലെ നാളികേര കർഷകരെ സഹായിക്കുന്നതിനായി നാളികേരത്തിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്നതിനും നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ച് സമയബന്ധിതമായി നല്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; | ബി) | കേരളത്തിലെ നാളികേര കർഷകരെ സംരക്ഷിക്കുന്നതിനായി കൊപ്രയുടെ താങ്ങുവില വർദ്ധിപ്പിക്കണമെന്നും പച്ചത്തേങ്ങക്ക് താങ്ങുവില പ്രഖ്യാപിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ വിശദമായ പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന്റെ CACP യുടെ (Commision for Agricultural Cost and Prices) പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.<br><br>പ്രകൃതിക്ഷോഭം മൂലമുള്ള തെങ്ങുകളുടെ നാശനഷ്ടത്തിന് കായ്ഫലമുള്ളതിന് 700 രൂപ, കായ്ഫലമില്ലാത്തതിന് 350 രൂപ, ഒരു വർഷം വരെ പ്രായമായ തൈകൾക്ക് 102.80 രൂപ എന്ന കണക്കിലാണ് ഇപ്പോൾ നഷ്ടപരിഹാരം നൽകി വരുന്നത്. എന്നാൽ 2017- ൽ പുതുക്കിയ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കായ്ഫലമുള്ളതിന് 2000 രൂപ, 7 വർഷം വരെ പ്രായമായ കായ്ഫലമില്ലാത്തതിന് 400 രൂപ, 3 വർഷം വരെയുള്ള തൈകൾക്ക് 200 രൂപ എന്ന കണക്കിൽ നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. |
| സി) | നാളികേര ഉല്പന്നങ്ങളുടെ വൈവിധ്യത്തിനായി പദ്ധതി ആവിഷ്കരിക്കുമോ? | സി) | 1. മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ സാദ്ധ്യത മനസ്സിലാക്കുന്നതിനും, സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും, കർഷകർ, വികസന ഉദ്യോഗസ്ഥർ, ശാസ്ത്രജ്ഞർ, സംരംഭകർ, വ്യവസായികൾ, പൊതുജനങ്ങൾ എന്നിവരുടെ ഇടപെടലുകൾ സാദ്ധ്യമാക്കുന്നതിനായി VAIGA |

എന്ന പേരിൽ പ്രദർശന സെമിനാർ 2016 മുതൽ എല്ലാ വർഷവും ഡിസംബർ മാസം സംഘടിപ്പിച്ചുവരുന്നു.

2. മൂല്യവർദ്ധിത സംരംഭങ്ങൾ ആരംഭിക്കുന്നതിനായി എസ്.എഫ്.എ.സി (സ്മോൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം) മുഖാന്തിരം പ്രോജക്ട് അധിഷ്ഠിത ധനസഹായം നൽകുന്നു.

3. നീര ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ധനസഹായം നൽകിയിട്ടുണ്ട്.

4. നീര ടെക്നീഷ്യൻമാരുടെ കുറവ് പരിഹരിക്കുന്നതിനായി അവർക്കുള്ള പരിശീലനം കേരള സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖാന്തിരം നടപ്പിലാക്കി വരുന്നു.

5. നീരയുടെ ഉള്ളടക്ക ഘടകങ്ങൾ ഏകീകരിച്ചുകൊണ്ട് ഗുണനിലവാര മാനദണ്ഡങ്ങൾ സർക്കാർ വിജ്ഞാപനമായി പുറപ്പെടുവിച്ചിട്ടുണ്ട്.

6. നീര ഒറ്റ ബ്രാന്റായി തനതായ ആരോഗ്യപാനീയം എന്ന നിലയിൽ അന്താരാഷ്ട്ര നിലവാരത്തിൽ പുറത്തിറക്കുന്നതിനായി പേരും, ലോഗോയും നിശ്ചയിക്കുന്നതുമായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

7. കേരഫെഡ്, നാളികേര വികസന കോർപ്പറേഷൻ എന്നിവയുടെ ആഭിമുഖ്യത്തിൽ കേരോല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും നടന്നു വരുന്നു.

8. സംസ്ഥാനത്ത് കാർഷിക വികസന രംഗത്ത് മൂല്യവർദ്ധനവിനായി അഗ്രോപാർക്ക് രൂപീകരിക്കുന്നതിനും, നടപ്പിലാക്കുന്നതിനും Special Purpose Vehicle (SPV) ആയി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ നിയമിക്കുകയും പദ്ധതിക്ക് 100.13 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ കൂത്താളി ഫാമിലും, വേങ്ങേരി കാർഷിക മൊത്തവ്യാപാര വിപണിയിലും നാളികേരത്തിന്റെ അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള DPR, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (KAICO) കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

Mayal

**സെക്ഷൻ ഓഫീസർ**